No. CEE/4600/2019/KEAM-2020/TA4

കേരള സർക്കാർ
പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തിനഗർ,
തിരുവനന്തപുരം– 695 001.

# വിജ്ഞാപനം

# KEAM- 2020

## സർക്കാർ കോളേജുകളിലെ ബി.ഫാം കോഴ്സിലേയ്ക്കുള്ള മോപ്–അപ്പ് കൗൺസലിംഗ് ഓപ്ഷനുകൾ ഓൺലൈനായി രജിസ്റ്റർ ചെയ്യാനവസരം

2020–21 അദ്ധ്യയന വർഷത്തെ ബി.ഫാം കോഴ്സിലേയ്ക്കുള്ള പ്രവേശന തീയതി 15.02.2021 വരെ ദീർഘിപ്പിച്ച സാഹചര്യത്തിൽ കേരളത്തിലെ സർക്കാർ ഫാർമസി കോളേജുകളിൽ നിലനിൽക്കുന്ന ഒഴിവുകൾ നികത്തുന്നതിനായി ഒരു മോപ് അപ് കൗൺസിലിംഗ് കൂടി നടത്തുന്നു. സർക്കാർ ഫാർമസി കോളേജുകളിലേയ്ക്കുള്ള EWS ക്വാട്ട സീറ്റുകളിലേക്കും ഈ ഘട്ടത്തിൽ അലോട്ട്മെന്റ് നടത്തുന്നതാണ്. മോപ് അപ് കൗൺസിലിംഗിൽ പങ്കെടുക്കുന്നതിനായി പ്രവേശന പരീക്ഷാ കമ്മീഷണർ പ്രസിദ്ധീകരിച്ച ബി.ഫാം റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള വിദ്യാർത്ഥികൾക്ക് **01.02.2021 മുതൽ 04.02.2021 വൈകിട്ട് 3.00 മണി** വരെ ഓൺലൈനായി ഓപ്ഷനുകൾ രജിസ്റ്റർ ചെയ്യാവുന്നതാണ്. പ്രവേശന പരീക്ഷാ കമ്മീഷണറുടെ അലോട്ട്മെന്റ് പ്രകാരം എം.ബി.ബി.എസ്, ബി.ഡി.എസ് കോഴ്സുകളിൽ പ്രവേശനം നേടിയിരിക്കുന്ന വിദ്യാർത്ഥികൾക്കും പ്രവേശന പരീക്ഷാ കമ്മീഷണറുടെ അലോട്ട്മെന്റ് പ്രകാരം നിലവിൽ സർക്കാർ ഫാർമസി കോളേജുകളിൽ പ്രവേശനം നേടിയിരിക്കുന്ന വിദ്യാർത്ഥികൾക്കും മോപ് അപ് കൗൺസിലിംഗിൽ പങ്കെടുക്കാൻ അർഹതയുണ്ടായിരിക്കുന്നതല്ല.

മോപ് അപ് കൗൺസിലിംഗിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾക്ക് പ്രവേശന പരീക്ഷാ കമ്മീഷണറുടെ **www.cee.kerala.gov.in** എന്ന വെബ്സൈറ്റിലെ അവരുടെ ഹോം പേജിൽ പ്രവേശിച്ച് 'B.Pharm Option Registration' എന്ന മെനു ഐറ്റം ക്ലിക്ക് ചെയ്ത് **01.02.2021** മുതൽ **04.02.2021** വൈകിട്ട് **3.00** മണി വരെ ഓൺലൈനായി ഓപ്ഷൻ രജിസ്റ്റർ ചെയ്യാവുന്നതാണ്. **04.02.2021** വൈകിട്ട് **3.00** മണി വരെ ലഭിക്കുന്ന ഓപ്ഷനുകളുടെ അടിസ്ഥാനത്തിൽ **05.02.2021** ന് വൈകുന്നേരം അലോട്ട്മെന്റ് പ്രസിദ്ധീകരിക്കുന്നതാണ്. മോപ് അപ്പ് അലോട്ട്മെന്റ് ലഭിക്കുന്ന വിദ്യാർത്ഥികൾ അലോട്ട്മെന്റ് മെമ്മോയിൽ രേഖപ്പെടുത്തിയിട്ടുള്ള ഫീസ് ഒടുക്കിയശേഷം **10.02.2021**വൈകുന്നേരം **3.00** മണിയ്ക്കകം അതാത് കോളേജുകളിൽ ഹാജരായി പ്രവേശനം നേടേണ്ടതാണ്.

## അലോട്ട്മെന്റ് ഷെഡ്യൂൾ

| | |
|---|---|
| 01.02.2021 | ഓൺലൈൻ മോപ് അപ് കൗൺസിലിംഗിന് ഓപ്ഷൻ രജിസ്റ്റർ ചെയ്യാൻ വെബ് സൈറ്റ് സജ്ജമാകുന്നു. |
| 04.02.2021<br>(വൈകിട്ട് **3.00** മണി) | ഓൺലൈൻ ഓപ്ഷൻ രജിസ്റ്റർ ചെയ്യുന്നതിനുമുള്ള സൗകര്യം അവസാനിക്കുന്നു. |
| 05.02.2021 | അലോട്ട്മെന്റ് പ്രസിദ്ധീകരണം |
| **06.02.2021** മുതൽ<br>**10.02.2021** വൈകുന്നേരം<br>**3.00** മണി വരെ | അലോട്ട്മെന്റ് ലഭിക്കുന്ന വിദ്യാർത്ഥികൾ അലോട്ട്മെന്റ് മെമ്മോയിൽ രേഖപ്പെടുത്തിയിട്ടുള്ള ഫീസ് അടച്ചതിനുശേഷം അലോട്ട്മെന്റ് ലഭിച്ച കോളേജിൽ പ്രവേശനം നേടേണ്ടതാണ്. |
| **10.02.2021**<br>വൈകുന്നേരം **4.00** മണി വരെ | പ്രവേശനം നേടിയ വിദ്യാർത്ഥികളുടെ വിവരങ്ങൾ കോളേജ് അധികാരികൾ അംഗീകരിച്ച് പ്രവേശന പരീക്ഷാ കമ്മീഷണർക്ക് ഓൺലൈൻ അഡ്മിഷൻ മാനേജ്മെന്റ് സിസ്റ്റം (**OAMS**) മുഖേന സമർപ്പിക്കണം. |

കുറിപ്പ്:

നിലവിൽ മെഡിക്കൽ അനുബന്ധ കോഴ്സുകളിൽ പ്രവേശനം നേടിയിരിക്കുന്ന വിദ്യാർത്ഥികൾ ബി.ഫാം കോഴ്സിലേയ്ക്കുള്ള മോപ് അപ് കൗൺസിലിംഗ് പ്രകാരം അലോട്ട്മെന്റ് ലഭിക്കുന്ന പക്ഷം നിലവിലെ പ്രവേശനം റദ്ദാകുന്നതാണ്. ഈ ഘട്ട മോപ് അപ് കൗൺസിലിംഗ് ബി.ഫാം കോഴ്സിലേയ്ക്കുള്ള അവസാന അലോട്ട്മെന്റ് ആയതിനാൽ അലോട്ട്മെന്റ് ലഭിച്ചാൽ പ്രവേശനം നേടും എന്ന് ഉറപ്പുള്ള വിദ്യാർത്ഥികൾ മാത്രം ഓപ്ഷൻ നൽകേണ്ടതാണ്. അലോട്ട്മെന്റ് ലഭിച്ചതിനുശേഷം പ്രവേശനം നേടാത്ത വിദ്യാർത്ഥികളും പ്രവേശനം നേടിയശേഷം വിടുതൽ വാങ്ങുന്ന വിദ്യാർത്ഥികളും പ്രോസ്പെക്ടസിലെ വ്യവസ്ഥകൾ പ്രകാരം ലിക്വിഡേറ്റഡ് ഡാമേജസ് അടയ്ക്കാൻ ബാധ്യസ്ഥരാണ്.

സ്വാശ്രയ ഫാർമസി കോളേജുകളിൽ നിലനിൽക്കുന്ന ഒഴിവുകൾ അതാത് കോളേജുകൾ മുഖേന നികത്തപ്പെടുന്നതാണ്. പുതുതായി യൂണിവേഴ്സിറ്റി അംഗീകാരം ലഭിച്ച താഴെ പറയുന്ന സ്വാശ്രയ ഫാർമസി കോളേജുകളിലെ മുഴുവൻ സീറ്റുകളിലേക്കും അതാത് കോളേജുകൾ മുഖേന പ്രവേശനം നടത്തുന്നതാണ്.

| Sl No | Name of the college | Total Seats |
|---|---|---|
| 1 | Cochin College of Engineering & Technology, Valanchery | 60 |
| 2 | Holy Queen college of Pharmaceutical Sciences & Research, Puthuruthy, Wadakkanchery | 60 |
| 3 | Kerala Academy of Pharmacy Kandala, Thiruvananthapuram | 100 |

പ്രവേശന പരീക്ഷാ കമ്മീഷണർ പ്രസിദ്ധീകരിച്ച ഫാർമസി റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള വിദ്യാർത്ഥികൾ സ്വാശ്രയ ഫാർമസി കോളേജുകളിൽ പ്രവേശനം ആഗ്രഹിക്കുന്ന പക്ഷം 15.02.2021 വൈകിട്ട് 4.00 മണിയ്ക്കകം അതാത് കോളേജുമായി ബന്ധപ്പെടേണ്ടതാണ്.

**ഹെൽപ് ലൈൻ നമ്പർ: 0471-2525300**

തിരുവനന്തപുരം
01.02.2021

**പ്രവേശന പരീക്ഷാ കമ്മീഷണർക്കു വേണ്ടി**